LIBRARY ARCHIVES Kerala Legislative Assembly

മാള-നെയ്തുക്കുടി ചുങ്കം-കൊമ്പത്ത് കടവ് റോഡ്

61 [613] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള-നെയ്തുക്കുടി, ചുങ്കം-കൊമ്പത്തുകടവ് റോഡ് എം. ഡി. ആർ-ൽപ്പെടുത്തി പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പൂവത്തുംകടവ്, പുളിക്കടവ് പാലങ്ങൾ വഴി എൻ. എച്ച് 47, എൻ. എച്ച്. 17 എന്നിവകളെ ബന്ധിപ്പിക്കുമ്പോൾ നെയ്തുക്കുടി വഴി 10 കി. മീ. ദൈർഘ്യക്കുറവ് ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കാമോ?

ഉത്തരം

(എ) മാള-നെയ്തുക്കുടി, ചുങ്കം-കൊമ്പത്തുകടവ് റോഡിന്റെ ദൈർഘ്യം 3.85 കി.മീ. ആണ്. ടി റോഡ് മേജർ ജില്ലാ റോഡായി ഉയർത്തുവാൻ പറ്റുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

(ബി) പൂവത്തുംകടവ്, പുളിക്കടവ് പാലങ്ങൾ വഴി എൻ. എച്ച്. 47, എൻ. എച്ച്.17 എന്നിവകളെ ബന്ധിപ്പിക്കുമ്പോൾ, നെയ്തുക്കുടി വഴി ദൈർഘ്യം കൂടുതലാണ്.

മണ്ണാർക്കാട് ചിന്നത്തടാകം റോഡ് വീതി കൂട്ടാനുള്ള പദ്ധതി

62 [614] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് ചിന്നത്തടാകം റോഡ് 100 മീറ്റർ വീതിയുള്ളതാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 100 അടി വീതിയാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 0/0 മുതൽ 52/342 കിലോമീറ്ററിൽ താഴെപ്പറയുന്ന പണി നടന്നുവരുന്നു:

(1) കി. മീ. 15/800-ൽ വീതി കൂട്ടി ബലപ്പെടുത്തൽ—75 ലക്ഷം രൂപ.

(2) മണ്ണാർക്കാട്-ചിന്നതടാകം റോഡിന്റെ സമഗ്രവികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് ഇതുവരെ തയ്യാറാക്കിയില്ല.